ഋതുവിലാസം

മണിപ്രവാളകാവ്യം.

ഗ്രന്ഥകർത്താവ്

വള്ളത്തോൾ നാരായണമേനോൻ.

പ്രസിദ്ധകൻ

ടി. കേളപ്പൻനായർ.

കടത്തനാട് പോർളാതിരി
രാമവർമ്മ ഇളയതമ്പുരാൻ തിരുമനസ്സിലെ
കല്പനപ്രകാരം.

രണ്ടാംപതിപ്പ് കോപ്പി 1000.

കോഴിക്കോട്
വിദ്യാവിലാസം പവർ അച്ചുക്കൂടത്തിൽ
അച്ചടിച്ചത്.

1922.

വില അണ 3.

ഋതുവിലാസം.

മണിപ്രവാളകാവ്യം.

ഒന്നാംസർഗ്ഗം.

ഗ്രീഷ്മവർണ്ണനം.

“ജ്ഞാനമിന്നു കുളുർനീററിലെപ്പൊഴും
സ്നാനമാണ രസ”മെന്നു വന്നുപോയ്
വേനലിൻമഹിമയാണിതോർക്കെടോ
തേനലിഞ്ഞമൊഴി തൂകിടും പ്രിയേ! 1.

ഇപ്പകൽക്കുടയവൻ കടുത്ത തീ
കപ്പമേകിന കരോൽക്കരങ്ങളേ
ഒപ്പമിന്നുലകു വെന്തിടിക്കുമാ
റുല്പലാക്ഷി! ചൊരിയുന്നിതെങ്ങുമേ. 2.

മേനി കേററിടുകയല്ല തന്വി! നിൻ
മേനിപോലെ മൃദുളങ്ങളാകയാൽ
മേ നിറഞ്ഞ രസമേകിടുന്നു നെ
ന്മേനിവാകയുടെ പൂക്കളിന്നെടോ. 3.

"മൊട്ടുപോലെ രവിയസ്തപർവ്വത
ക്കാട്ടു കേറിമറിയട്ടെയീശ്വരാ"
ചൂട്ടു തട്ടിയ ജനങ്ങൾ കയ്യുമാ
റോട്ടുചേർത്തു തൊഴിയുന്നിതിത്തരം.

ആററിലാടിമറിയുന്നു തെല്ലു ചൂ
ടാററി വെക്കവതിനിന്നു കാമികൾ
ഏററിടുന്നു കുളുർകാററു മേനിയിൽ
പാററിടുന്നു നവചന്ദനദ്രവം.

ഇന്നു കാമിനി കനത്ത മുണ്ടുവേ
ണ്ടെന്നുവെച്ചുടൽ പിയത്ത തന്വിമാർ
കുന്നുതോററ കുളുർകൊങ്കമൊട്ടു
മൂടുന്നു നന്മയിൽ നനുത്ത പട്ടിനാൽ.

നേർത്ത പട്ടരയിൽ നല്ല നൂലതിൽ
കോർത്ത മുത്തുകൾ മുലത്തടത്തിലും
ചേർത്തണിഞ്ഞബലമാരഭീഷ്ടരിൽ
ചീർത്ത ചൂട്ടടനകററിടുന്നതേ.

സന്നതാംഗികൾ സചന്ദനസ്നാ
കമണച്ചു മുറുകെപ്പുണർന്നുടൻ
ഇന്നയേ! കണവരിൽ കിടന്നുറ
ങ്ങുന്ന കാമമെന്നയുണർത്തിടുന്നിതോഃ.

കേടറും നിശി നിലാവണിഞ്ഞ പൂ
മേട കേറി മരുവും മഹാജനം
പാടലപ്പുതുമണം പുലൎന്ന കാ
റ്റാടലമ്പുവതിനേററിടുന്നതേ. 9.

കോട്ടമററ വിരഹാഗ്നിയാൽ കരം
ക്കോട്ട വെന്തു വെയിലാളുമൂഴിയിൽ
വാട്ടമാൎന്ന നടകൊള്ളുമദ്ധ്വഗ
ക്കൂട്ടർതൻ കഥ കഥിച്ചിടാവതോ?. 10.

ദേഹം തുലോം വെയിലിൽവെന്ത മൃഗങ്ങളും തണ്ണീർ
ദാഹം തുടങ്ങിയഥ തൊണ്ട വരണ്ടുകാട്ടിൽ
ഹാ ഹന്ത ഹന്ത! മൃഗതൃഷ്ണിക കണ്ടൊരന്ത
മ്മോഹം തഴച്ചുടനെയോടിയലഞ്ഞിടുന്നു. 11.

ശ്രീമച്ചന്ദനനീരണിസ്തനികളാം
തന്വംഗിമാരെ പ്പരം
പ്രേമച്ചിത്തൊടണച്ചു പുൽകി വെയിലിൻ
ചൂടേതുമോരാതിതാ
രാമച്ചക്കുളുർവാരിശീകരമുതി
ൎത്തീടുന്ന യന്ത്രം പെടും
പൂമച്ചിങ്കലുറങ്ങിടുന്നു ചിലരി
നട്ടുച്ചനേരത്തെടോ. 12.

രംഭോരുത്തല്ലാളേ! രവിപദവിമറെ
ക്കുന്നു വൃക്ഷൗഘപല്ലവലക്ഷ്മീ
ഡംഭോലും കാട്ടിലാററിൻകണനിര പൊഴിയും
പട്ടണിപ്പന്തലിങ്കൽ
അംഭോജപ്പൂമൃണാളം തളിർദളമിവയാൽ
തീർത്ത തല്പത്തിൽ നിദ്രാ
സംഭോഗക്കൈ നടത്തുന്നിതു ചില സുകൃതി
ക്കൂട്ടരിന്നുച്ചനേരം. 13

ചരമെരിവെയിൽ തട്ടിച്ചുട്ടുണങ്ങുന്ന വല്ലീ
മരനിരകളും നിറഞ്ഞുള്ളോരു കാന്താരഭാഗം
അരഞ്ഞൊടിയിടകൊണ്ടിന്നാളിട്ടും കാട്ടുതീ കാ
തരമിഴി! പൊടിവെണ്ണീരാക്കി വെക്കുന്നു കഷ്ടം. 14

കാർവണ്ടിൻ നൽക്കളകളകലാമോടി കൂടുന്ന മുല്ല
പ്പൂവർഗ്ഗത്തിൻ പുതുമണമണിഞ്ഞെത്തിടും മന്ദവാത
ഭ്രവമെത്തിങ്ങിന കുളുർനിലാവിൻതഴപ്പന്തിന്നേ
ത്തേവക്കേടെന്നിയെ വിലസുമിവേനൽമാനം തരട്ടെ

ഇങ്ങിനെ പ്രഥമസർഗ്ഗം കഴിഞ്ഞു.

12-ം, 13-ം ശ്ലോകങ്ങളിൽ വർണ്ണിക്കപ്പെട്ട മദ്ധ്യാഹ്നയാപനം വൈദ്യശാസ്ത്രത്താൽ പ്രത്യേകം വിധിക്കപ്പെട്ടതാണ്.

രണ്ടാം സൎഗ്ഗം.

വൎഷവൎണ്ണനം.

ഇരുളോഘമിടഞ്ഞൊട്ടൊത്തുകൂടി
പ്പൊരുത്തും നിന്നുടെ കുന്തളമെന്നപോലെ
പെരുതായ കറുപ്പിയന്ന കാർമു
ണ്ടൊരു കാലം കളവാണി! കാണ്കെടോ നീ. 1.

ചലമീൻമിഴി! ചന്തമുള്ള പൊൻച
ങ്ങലയിട്ടാനകൾ പോലെ വാനിലെങ്ങും
വിലസുന്നൊരു മിന്നൽപൂണ്ട പുത്തൻ
ജലവാഹങ്ങൾ നിരന്നു നീന്നിടുന്നു. 2.

അഴകോടിഹ ചാതകാവലിക്കു
ള്ളഴൽ നീങ്ങും വിധമംബുദങ്ങൾ മേന്മേൽ
കഴലായിടവിട്ടിടുന്ന വാർപൂ
ങ്കുഴലാളേ! കുളൂർനീരുതൂത്തിടുന്നു. 8.

പെരുകും മഴകൊണ്ടു ചൂടകന്നോൻ
തരുണാബ്ജാക്ഷി! തണുത്തിടുന്നു ലോകം
ചൂരുചിദ്രസധാരകൊണ്ടു മാല
റ്റൊരു യോഗീന്ദ്രമനസ്സുതന്നെപോലെ. 4.

മന്ദാരമലിയും മന്ദം കലന്നി
ടിന നൽപിച്ചകമാല മെച്ചമോടേ
വന്ദമാം വരന്നിൽ പയോദവേളാം
ഗന്ധയാളങ്ങിനെ ചേർത്തുവെച്ചിടുന്നു. 5

ഭടനെന്നകണക്കെ മിന്നലാം ഞാ
ണുടയോരിന്ദ്രധനസ്സെടുത്തു മേഘം
ഉടനെ വഴിപോക്കരേക്കറിച്ചൽ
ക്കടമായി ശ്ശരധാര തൂകിടുന്നു. 6

പുതുതാം ഘനവാദ്യഘോഷസമ്പ
ത്തതു പത്താശയിലും പരന്നിടുന്നു
കുതുകേന മയിൽക്കുലങ്ങളാട്ടു
ന്നിതു കേകാമൃദുഗീതകേളിയോടേ. 7

അടിക്കൂപ്പി വണങ്ങിയാലുമേ കൈ
വെടിയാതുള്ളൊരിട ച്ചിലോടിരിക്കെ
ഇടികേട്ടു പരിഭ്രമിച്ചുടൻ പെ
ണ്ണൊടിമാർ കാമുകരേ പ്പുണർന്നിടുന്നു. 8

മലതൻമുകളിൽ കടമ്പുകാറേ
റ്റലർ വീഴും പടിയാടിടുന്ന നേരം
കലശസ്തനി! ഹന്ത കാമുകന്മാർ
നിലവിട്ടൊന്നിളകി ച്ചമത്തിടുന്നു.

5. പിച്ചകമാല=പിച്ചകസമൂഹം-പിച്ചകംകൊണ്ടുള്ള മാലയെന്നും.
6. ശരധാര=ജലധാര-അസ്ത്രധാരയെന്നും.

ഉടനഭ്രകുലത്തിൽനിന്നഴിച്ചി
ക്കുടജപ്പൂമണമേററ കാററടിക്കെ
അടവല്ല വിയോഗികൾക്കകത്തുൾ
ക്കടകാമാഗ്നി പടൎന്നു കത്തിടുന്നു. 10.

കാർ കൂന്തികളേകയാൽ കറുത്ത നിശയിൽ
　കാന്തൻെറ വീട്ടിൽ സ്വയം
പോകും പെൺകൊടിയാൾക്കകമ്പടിയതായ്
　ചെല്ലുന്ന മുല്ലായുധൻ
ആകുംവണ്ണമിടെക്കു മിന്നി വെളിവായ
　ക്കാട്ടുന്ന ചൂട്ടാണിതെ
ന്നോകും സംശയമേവനും വിലസുമി
　ത്തൂമിന്നലെന്നോമലെ. 11.

നിശ്ശങ്കം ഭുവനങ്ങൾ വെന്ന മദനൻ
　തന്നെ ജ്ജനിപ്പിച്ചുവെ
ച്ചിശ്ശക്രാദിമഹാമരപ്പരിഷകൾ
　ക്കാമോദമേകി സ്വയം
ശശ്വത്തോയദലക്ഷ്മി പൂണ്ടു നിതരാം
　നീലാംബരോപേതമായ്

12. ശക്രാദിമഹാമരപ്പരിഷകൾ = കുടകപ്പാലമുതലായ വലിയ മരങ്ങളുടെ പരിഷകൾ- ഇന്ദ്രാദികളായ വലിയ അമരന്മാരുടെ പരിഷകളെ. നീലാംബരോപേതം = നീലമായ ആകാശത്തോടുകൂടിയത- നീലാംബരനോടു (ബലഭദ്രനോടു) കൂടിയവനെന്നും.

വിശ്വത്തിങ്കൽ വിളങ്ങുമിപ്പുതുമഴ
ക്കാലം ഫലിതമാക്കട്ടേ 12
അററംവിട്ടോരനംഗോത്സവവിള നിലമേ !
കാണ്ക വന്നു കൂടി
ച്ചെററമ്പുംമട്ടിടിക്ഷേപളിതമൊക്കെനടൻ
മിന്നലാം പല്ലിളക്കി
ഒററക്കമ്പാ! പരം പാന്ഥരെ യൊരുപടിയാ
പത്തിലാക്കുന്നിതുണ്ടി
ക്കററക്കാറാം കരിഞ്ചേലയതുടയ മഴ
ക്കാലമാം കാലദേവൻ. 13

പരക്കെ മലവെള്ളവും പല പുഴപ്പിലുമ്പെള്ള പ
മ്പരക്കളിയെടുത്തിടും ചെറിയ വെണ്ണുരക്കട്ടയും
തിരക്കൊട്ടുയരും പടുത്തിരയുമൊത്തു തീരത്തെഴും
മരക്കട പുഴക്കിടും പുഴകളാർത്തൊലിക്കുന്നിതേ 14

പേർത്തും പുണ്യകദംബവാടിയിലളി
പ്രൗഢഗാനവീണാരവം
ചേർത്തും നൽസുമനസ്സുകൾക്കൊരു സുഖോ
ല്ലാസത്തെ യുണ്ടാക്കിയും
ചേർത്തും ചേലൊട്ടു നീലകണ്ഠഹൃദയാ
നന്ദം കരിങ്കാർനിറം

ചീർത്തും താമ്രമകരറിവെച്ചുമെഴുമീ
വർഷാംബികക്കായ് തൊഴാം 15.

ഇങ്ങിനെ ദ്വിതീയസർഗ്ഗം സമാപ്തം.

മൂന്നാം സർഗ്ഗം.

ശരദ്വർണ്ണനം.

ഇന്നുല്ലസിച്ച ശതപത്രസിതാതപത്രം
ചിന്നുന്ന കാശമയചാമരസഞ്ചയങ്ങളും
എന്നുള്ളൊരീ വിഭവമൊടൊത്തു ശരത്തെഴുന്ന
ള്ളുന്നുണ്ടു രമ്യതനു! നമ്മുടെ റാണിപോലെ. 1.

വണ്ടാം കറുത്ത കുറിതൊട്ടു വിടർന്ന പുത്തൻ
തണ്ടാർമുഖത്തിലൊരു മോടി വരുത്തിമെല്ലേ
കൊണ്ടാടി നല്ല ധവളാംബരവും ധരിച്ചു
കൊണ്ടാ ശ്ശരൽകമനിയാളു കളിയാടിടുന്നു. 2.

---

15. സുമനസ്സുകൾ = പുഷ്പങ്ങൾ_ദേവന്മാരെന്നും_ നീലകണ്ഠഹൃദയാനന്ദം = മയിലുകൾക്കു ഹൃദയാനന്ദം ശിവന്നു ഹൃദയാനന്ദമെന്നും. കദംബവാടിയിൽ വീണാരവം ചോക്കലും കാറപോലെയുള്ള കരപ്പം വർണ്ണിച്ചത് ഒരു ധ്യാനവിശേഷത്തെ അനുസരിച്ചാകുന്നു- "മദ്ധ്യേ കദംബവനമാശ്രിതരത്നപീഠാം ... മുഖരീകൃത മുഗ്ദ്ധവീണാം അത്യന്തനീലകമനീയകളേബരാം ... " എന്നു 'സ്വയംവരപുഷ്പ'ത്തിൽ.

നില്ലാതെകണ്ടു നിബദ്ധസൂനി യിന്നു നാട്ടി
ലെല്ലാം നടക്കമൊരു ശാരദലക്ഷ്മിതന്റെ
ഉല്ലാസമാർന്ന കളഹംസകനാദമെന്നു
ചൊല്ലാം മദിച്ചകളഹംസകുലസ്വനത്തെ.

ബാലേ! നിശാകരനിതാ നിശയിൽ കരങ്ങ
ളാലേ നറും കുമുദിനീകുമുദാനനത്തെ
ചാലേ തുടച്ചുടൻ മിനുക്കിയതിങ്കൽ വണ്ടാം
ചേലേറിടും മൃഗമദക്കുറി ചേർത്തിടുന്നു.

മട്ടായിടഞ്ഞമൊഴി! ചന്ദ്രികയെന്ന വെള്ള
പ്പട്ടാംബരത്തിനെ യെടുത്തു നിവൃത്തി നന്നായ്
മട്ടാതെ ശാരദനിശാംഗനയാളതുഴി
ത്തട്ടാം കിടക്കയിൽ മുറെക്ക വിരിച്ചിടുന്നു.

രാവിങ്കലേങ്കമനാ! പൊയ്കയിൽ മുങ്ങി യാമ്പൽ
പൂവിന്റെ നൽചുണ്ടുമണത്തെയുമേന്തി മെല്ലേ
ഋതുവിലാസമണയും കുളുർതെന്നലിട്ടു
വേവിച്ചിടുന്നിതു വിയോഗിജനത്തെ യെല്ലാം.

ധാരാളമായി വിലസുന്നിതു മേഘബാധ
ചേരാതെ ചന്ദ്രനിഹ നിന്റെ മുഖം കണക്കേ
നേരാണിതേണമിഴി! നിന്മിഴിപോലേ നാരി
മാരായ് പിരിഞ്ഞമരുവോർക്കഴൽ നീണ്ടിടുന്നു.

ആരാൽ സരോജമധുവുണ്ടു മദിച്ചു ഭൃംഗൌഘ
ഘോരാരവവൈഖരി വിയോഗികൾതൻ ചെകിട്ടിൽ
നാരായണാ! നെടിയതീയതിലിട്ടു ചുട്ടു
നാരായമായ് ഝടിതി ചെന്നു തറച്ചിടുന്നു. 8.

പൊട്ടപ്പിശാചികകണക്കെ ശരത്തു പാന്ഥ
ക്കൂട്ടത്തെയൊക്കെയൊരുമിച്ചു പിടിച്ചുതിന്നാൻ
ചുട്ടററ നൂതനജപാരസനം ചുററത്തേ
ക്കിട്ടമ്പിലാർത്തിയൊടു നില്പതു കണ്ടിതോ നീ. 9.

പാടുന്ന പാട്ടുകൾ മദിച്ചു മരാളിതാൻകൊ
ട്ടീടുന്നതെ പടികർ നല്ല "പതുങ്ങൽവാദ്യം"
ആടുന്ന നമ്മുടെ ശരന്നടി നന്മയിൽ കൊ
ണ്ടാടുന്ന മാനിനികളൊത്തമരും മഹാന്മാർ. 10.

"നന്നായ് ശുചിത്വമൊടു വിഷ്ണുപദം ഭജിച്ചീ
ട്ടുന്നാളൊടുൽക്കടജലാശയമുക്തപാപാ"
എന്നാപ്തവാക്കിനൊരുദാഹരണം നഭസ്സി
ലിന്നാമുകിൽത്തടവൊഴിഞ്ഞെഴുമിന്ദു തന്നെ. 11.

ചിതമൊടദ്ധ്വഗർതൻപടുധൈര്യമാം
മുതൽ പിടിച്ചു പറിച്ചൊടുവിൽ തുലോം

11. ശുചിത്വം = ശുദ്ധത വെളുപ്പെന്നും. വിഷ്ണുപദം = ആകാശം വി
ഷ്ണുവിൻ്റെ കാലെന്നും. ജലാശയങ്ങൾ = മേഘങ്ങൾ, വഷളന്മാരെന്നും.

സിതകരൻ കരയഷ്ടികൾകൊണ്ടു മെ
ല്ലിത ഞെരിച്ചുവിടുന്ന നിശാന്തരെ.

ഇപ്പോൾ സാരസകാഞ്ചി ചേൎന്നൊരു മണൽ
ത്തിട്ടാം നിതംബത്തോടും
സച്ഛോൎമ്മിപ്പൂരികത്തോടും ശുചിരസേ
മുങ്ങുന്ന മീൻകണ്ണോടും
കെല്പോലും പുതുമോടിയിൽ പുഴകളാം
പെണ്ണുങ്ങൾ കോകങ്ങളാം
നല്പോൎകൊങ്കകളും കുലുക്കി നടകൊ
ണ്ടീടുന്നു മന്ദം പ്രിയെ!

നേരോടേ പടവെട്ടി മറ്റുമുലകൊ
ക്കേ കീഴടക്കിടുവാൻ
സാരോദഗ്രവിലാസിനിപ്പടകളേ
ത്താൻ മുൻനടത്തിച്ചിതാ
പേരോലുന്ന കരിമ്പുവില്ലു മലര
മ്പും പേറി മന്ദാനില
ത്തേരോടിച്ചെഴുന്നള്ളിടുന്നു തരസാ
താരമ്പനാം തമ്പുരാൻ.

---

13. ശുചിരസം=നിൎമ്മലമായ ജലം- ശൃംഗാരരസമെന്നും.
14. രാജാക്കന്മാൎക്കു യുദ്ധയാത്രക്കു ഉചിതമായ കാലം ശരത്താകുന്നു പ്രസിദ്ധം.

ലാളിത്യം ചേൎന്ന നീരാഴികളുമഴകെഴും
താമരത്താർ മരന്ദ
ക്കോളിൽ തത്തിക്കളിക്കും കുളൎച്ചവനസമാ
പൂൎണ്ണമാം പൂനിലാവും
കേളിപ്പേരുള്ളതുമിങ്ങും മദകളകളഹം
സാഞ്ചിതക്കൊഞ്ചൽമട്ടും
മേളിക്കുന്നീ ശ്ശരത്തെന്റെതരളമിഴി! തരും
നന്മ നമ്മൾക്കു മേന്മേൽ.

ഇങ്ങിനെ മൂന്നാം സൎഗ്ഗം അവസാനിച്ചു.

നാലാംസൎഗ്ഗം.

ഹേമന്തവൎണ്ണനം.

വാൎമതിയെത്തൂട്ടുവദനേ!
നീ മതികുളുൎക്കത്തോടിന്നു കണ്ടാലും
ശ്രീമതിയായ തുഷാര
ത്തൂമതിരണ്ടൊരു വേള വന്നല്ലോ. 1.

ഇളമൃഗമിഴിയിന്നാളുക
ളിളകിന മഞ്ഞിൽക്കുളിച്ച കാററുകളാൽ
2.

വളരെ കളുത്ത മെയ്യിൽ
പ്പുള കക്കപ്പായമിട്ടുകൂട്ടുന്നു.

ഇയ്യൂങ്കാണൊരു മന്തുകം
പെയ്യും കാലത്തു പേടമാൻനയനേ!
തീയ്യും കാഞ്ഞമരുന്നിത്തു
കയ്യും കാലും തരിച്ച ചിലക്കൂട്ടർ.

ഹേ ശുകമൊഴി! പാടീരം
പൂശുകയാററിൽക്കളിക്കെന്നല്ല
ആശു കരവിശറിയാലെ
വീശുകയിവയൊക്കെ വിട്ടു കാമിജനം.

പുത്തിയെഴും കസ്തൂരി
പ്പൂത്തിക്കീററിട്ടു പന്തണിക്കുചമാർ
എത്തിപ്പുണൎന്നു കാമുക
ഹൃത്തിൻ സുഖമാക്കിടുന്നു കാമിനി! കേൾ.

ഉന്നക്കുള്ള വണ്ണം മാററലർ
വാസ്സുകിൽ വല്ലാത്ത നിലയിലായിട്ടുമേ
നോക്കുകെടോ ചണ്ഡകരൻ
മൂക്കും മഞ്ഞിൻെറ മുഷ്ക്കിൽ മറയുന്നു.

തങ്കണാവൻ കതിരവർ മ
ഞ്ഞിങ്കൽ മറഞ്ഞിട്ടു കണ്ടു കമലിനിയും

വങ്കരമാംവേദനയാൽ ശിവ!
ശങ്കര! നാമാവശേഷയാകുന്നു. 7.

അടവിൽത്താരുണ്യച്ചൂ
ടുടയൊരു മടവാർകളെപ്പുണർന്നൊററം
-ഉടലുവിയർപ്പിക്കുന്നോ
ക്കുടനീ ഹിമവാതബാധ യൊഴിയുന്നു. 8.

സരസിജമിഴികളൊടൊത്തൊരു
സരസജനത്തിൻെറ സുരതകലപോലേ
അരമീ നിശ നീളുന്നിതു
വിരഹികളുടെ യാധിപോലെയും ദയിതേ! 9.

തരുണികളുടെയാ പ്രിയരിൽ
പെരുകുന്നീർഷ്യപ്പിശാചിനെ യൊഴിപ്പാൻ
വിരുതാന്ന മന്ത്രവാദി
പ്പെരുമാളാണീ ലവംഗവായുവെടൊ! 10.

കഞ്ജാക്ഷി! മൂപ്പു ചെല്ലു
ന്നിഞ്ഞാഴൽക്കൊടികളും വിരഹിണികളുംപോലേ
മഞ്ഞാൽ കുളുത്ത കാററിലു
ലഞ്ഞാടിയിതാ വിളത്തു നിൽക്കുന്നു. 11.

---

8. വാതരോഗത്തിന്നു സ്വേദം മുഖ്യചികിത്സയാണെന്നു വൈദ്യശാസ്ത്രം.
9. ഹേമന്തത്തിൽ രാത്രിയേറുമെന്നു ജ്യോത്സന്മാർ.

ഉലകുകളാകവെ വെന്നോ
രലർശരവീരൻ വിരിച്ചോരു യശസ്സോ!
കലശനിഭസ്തനി! കാങ്കിതു
വിലസും പാച്ചോററിതൻെറ പൂനിരയോ? 12.

സ്വാതന്ത്ര്യം വെടുമീയൃതുപ്രഭുവെഴുന്നള്ളീടവേ പാടല
ശ്രീതങ്കുംചിലവൃദ്ധവല്ലരികളാംതങ്ങൾക്കുള്ളകൂർകാട്ടുവാൻ
വാതംകൊണ്ടുവിറച്ചിടുന്നിലകളാകും കൈകളാലെഹിമ
പ്രാതത്തുള്ളികളായ മംഗളമലർക്കൂട്ടംപൊഴിക്കുന്നുതേ 13.

പുതുതരഗുണശാലിലക്ഷ്മി പൂണ്ടു
ള്ളൊരു വയലാകവെ വിഷ്ണുപോലെ തന്നേ
ദ്വിജപതിമുഖി! നോക്കുകാ ശുകാദി
ദ്വിജകുലമിന്നിതിനെബ്ഭജിച്ചിടുന്നു. 14.

ഭാമൽഭംഗ്യാ ലവംഗക്കൊടിയിളകിന വ
ന്മാരുതത്തേരിലേറി
ബ്ഭീമപ്രാലേയബിന്ദുക്കണനിരകൾ ചൊരി
ഞ്ഞിപ്രപഞ്ചം കലുക്കി

14. പുതുതരഗുണശാലി ലക്ഷ്മി=വളരെ ഗുണമുള്ള നെല്ലുകളുടെ ശോഭാവലരയുള്ള ഗുണം കൊണ്ടു ശോഭിക്കുന്ന ശ്രീഭഗവതിയെന്നും. ശുകാദി ദ്വിജകുലം=തത്ത മുതലായ പക്ഷിസമൂഹം. ശ്രീശുകൻ മുതലായ ബ്രാഹ്മണസമൂഹമെന്നും.

പ്രേമത്താൽ ക്രൌഞ്ചവൈതാളികർകളനിനദം
കൊണ്ടു പാടുന്ന കീൎത്തി
സ്തോമം നേടിജ്ജയിക്കുന്നിതു ഹിമസമയ
ശ്രീമഹാരാജവീരൻ. 15.

ഇതി ചതുൎത്ഥസൎഗ്ഗസ്സമാപ്തഃ

അഞ്ചാം സൎഗ്ഗം.

ശിശിരവൎണ്ണനം.

ഉശിരോടംഗജൻ തുള്ളും ശിശിരോല്ലാസമട്ടിനെ
സശിരഃകമ്പമീക്ഷിക്ക ശശിരമ്യാനനേ ! മുദാ. 1.

ഉറെക്കും മഞ്ഞിനാൽ ദിക്കു മറെക്കും കാലമാകയാൽ
മുറെക്കു മൈ തണുത്തിന്നു വിറെക്കുന്നു ശരീരികൾ. 2.

ആടുംവൎണ്ണം തണുപ്പുകൊണ്ടിട്ടും ദിക്കുകളും പ്രിയേ!
കൂടും മഞ്ഞാം പുതപ്പിട്ടു മൂടുന്നിതുടലാകവേ. 3.

ഭഞ്ജിക്കും പാന്ഥലോകത്തിൻ
നെഞ്ചിലെധൈൎയ്യമൊക്കയും
പഞ്ചിപോലെ പറക്കുന്നു
മഞ്ഞിൻകാറേറമേൽക്കയാൽ. 4.

ചന്ദനച്ചാറിലും ചാരുചന്ദ്രചന്ദ്രികതന്നിലും
നന്ദികേടായ് ജനങ്ങൾക്കുന്നേക്കണ്ടതെന്നായികേ. 5.

കുങ്കുമംതന്നിലും ചൂട്ടു തങ്കുമക്കാതപത്തിലും
ഏങ്കുരംഗാക്ഷി ! ലോകർക്കിന്നങ്കുരിക്കുന്നു കൌതുകം. 6.

ക്ഷതിയാകേ മറച്ചിക്ഷുതതിനില്ക്കുന്നു നോക്കെടോ
ഇതിൻനിർണീയുതൃക്കം പാകത്തിൻചങ്ങാതിയല്ലയോ? 7.

കാളമേഘകചേ ! കാൺക കാലമക്കാമദേവനായ്
നീലക്കരിമ്പു വില്ലേറേ വേല ചെയ്യുന്ന ശില്പിയോ?. 8.

കരിമീൻകണ്ണി! കുന്ദം നല്ലൊരു പൂന്തേൻകുഴമ്പിനാൽ
വിരുന്നൂട്ടുന്നതുണ്ടാരാൽ വരും വണ്ടുകളെസ്സുഖം. 9.

ഹേ ഭൃംഗശ്രേഷ്ഠകചേ ! മഞ്ഞു
പൈതു നന്നത്തണുക്കയാൽ
ഏതുമീ രാത്രി നൽസൌഖ്യ
ഹേതുവാകുന്നതില്ലഹോ. 10.

കൂട്ടും കൂറൊട്ടു കുങ്കുമപ്പൊടിയണി
ഞ്ഞാലെയൌഘനാഡംബര
ച്ചൂട്ടുന്നിച്ചൊരു ചൂതണിക്കചതടം
മാറത്തമത്താങ്ങിനോ
ത്തേടും ശീതമൊഴിച്ച തേന്മൊഴികളോ
ടൊന്നിച്ചു പൂമച്ചിൽ മേ
വീടും പുണ്യമിയന്ന പൂരുഷർ ഞെരു
ങ്ങാതിന്നുറങ്ങുന്നതേ. 11

എൻകുയിൽമൊഴി! കാമിജനം
തങ്കം ശീതത്തിൽനിന്നു പേടിച്ച്
കുങ്കുമമണിയും കാന്തകൾ
തൻ കുചനടുവിൽ കിടന്നൊളിക്കുന്നു. 12.

മണം തിങ്ങി പ്പൊങ്ങുന്നകിൽനിര പുകച്ചേൎന്നോരറയിലു
ള്ളിണങ്ങും കാന്തന്മാരൊട്ടു സമമിരുന്നിക്കമനിമാർ
ഗ്ഗുണം കൂടിടുന്നാ വിഷമവിശിഖസ്വാമിയെ വിളി
ച്ചുണൎത്തുംമദ്യത്തേക്കുയിൽമൊഴി! കുടിക്കുന്നുകുതുകാൽ 13.

എണക്കണ്ണികൾതൻ കനത്ത പുടവ
ക്കുത്തൊട്ടഴിച്ചും മണി
ത്തൂണന്നും തുട ഞെക്കിയും കുളുത്തുര
സ്സിൽക്കാരമുണ്ടാക്കിയും
ശോണച്ചുണ്ടു മുറിപ്പെടുത്തിയുമിള
ങ്കാർകൂന്തൽ ചിന്നിച്ചുമ
ക്ഷീണം ചുററിയടിച്ചിടുന്നു കുളുർകാ
റ്ററമ്പോ! വിടൻപോലവേ. 14.

നല്ക്കുന്ദമന്ദഹസിതദ്യുതിയോടിണങ്ങി
നില്ക്കുന്നളിക്കടമിഴിക്കളികൊണ്ടു തന്നെ
തിക്കുന്ന മത്തു പുരുഷോത്തമമാനസത്തിൽ
ചിക്കുന്നൊരിശ്ശിശിരലക്ഷ്മി ശിവം തരട്ടേ. 15.

എന്നു അഞ്ചാം സൎഗ്ഗം കഴിഞ്ഞു.

15. പുരുഷോത്തമമാനസം — വിഷയവിരക്തി ഉള്ളവരുടെ മനസ്സു എന്നുസാരം - വിഷ്ണുവിന്റെ മനസ്സെന്നും.

ആറാം സർഗ്ഗം.

വസന്തവർണ്ണനം.

മധുകരങ്ങളുണർന്നു മയങ്ങിടും
മധുപൊഴിപ്പൊരു പുഷ്പസമൃദ്ധിയാൽ
മധുരകാന്തി കലർന്നിത വന്നുപോയ്
മധു രസിച്ചിതു കാണുക മൽപ്രിയേ! 1.

അടവിൽ മാന്തളിരുണ്ടു മദാൽക്കുയിൽ
പ്പിടകളും തുകിന പഞ്ചമനിസ്വനം
ഘടനിഭസ്തനി! വീണയൊടൊത്ത നി
ന്നുടെയ പാട്ടുകളൊക്കെ മനോഹരം. 2.

ചലിതമാന്മിഴി! നോക്കുക പൊൻനിറ
പ്പൊലിമ ചേർന്നൊരു ചമ്പകമൊട്ടിതാ
വലിയൊരാ മധുപന്നളവി വന
സ്ഥലി കൊളുത്തിയ മംഗളദീപമോ? 3.

ഇതുകളും നല്ല പലാശസുമങ്ങളോ?
ചതുരവാണി! വസന്തമൊടൊത്തുടൻ
പുതുമ പൂണ്ടു രമിച്ച വനാളിതൻ
പുതുനഖവ്രണമാലകളുംതന്നെയോ? 4.

മുരളുംമരപ്രസവാസവസേവയാൽ
തലയുലച്ചു പിടിമച്ചൊരു വണ്ടുകൾ
കളകളധ്വനിയാൽ വഴിപോക്കരെ
ത്തെറിപറഞ്ഞു നടപ്പതു കാൺക നീ. 5.

അലഘുവാകിയ നിർമ്മലയൊത്ത പൂ
ങ്കുല ചുമന്നൊരശോകമതാം മരം
ബലമെറിക്ക ശരിപ്പെട്ടുമേ മഹാ
വിലപിടിച്ച വിലാസമെഴും പ്രിയേ! 6.

കമനി! കാണുക മാധവലാളന
ക്രമമിയന്നൊരു മാധവിയെത്തലോം
സുമശിലീമുഖമുഷ്കിനൊടങ്ങുന്നോ
പമമൊരാമ്രമരം പുണരുന്നതേ. 7.

പുതിയ പുഷ്പിതവള്ളികളെപ്പുണ
ന്നതിലിയന്നൊരശുദ്ധി യകത്തുവാൻ
മതിതൊഴും മുഖി! പൊയ്കയിൽ മുങ്ങിട്ടു
ന്നിതിഹ മെല്ലെയെഴും മലയാനിലൻ. 8.

5. വണ്ടുകളുടെ കളകളധ്വനി പാന്ഥന്മാക്കു തെറിപറയുന്നതുപോലെ അസഹ്യമായി തോന്നിക്കുന്നു എന്നു ഭാവം. 6. അശോകം = വൃക്ഷവിശേഷം. ശോകമില്ലാത്തതെന്നും 7. മാധവലാളനം = വസന്തത്തിന്റെ ലാളനം. ശ്രീകൃഷ്ണന്റെ ലാളനമെന്നും. മാധവി = കുരുക്കുത്തി മുല്ലവള്ളി, സുഭദ്രയെന്നും. സുമശിലീമുഖമുഷ്ക് - പുഷ്പങ്ങളിലുള്ള വണ്ടുകളുടെ തിരക്ക്, കാമന്റെ മുഷ്കെന്നും. 8. പുഷ്പിതവള്ളികൾ = രജസ്വലാസ്ത്രീകളെന്നും തോന്നുന്നു.

കടുതരം ബത കാമുകരോടകം
ചുടുമിടച്ചിലെല്ലാം മടവാർകളെ
പടുതപൂണ്ടൊരു തൊഴി കണക്കിണ
ക്കിടുകയാണിഹ കോകിലകാകളി. 9.

നല്ലോർമെന്നല്ലേ! നറുമ്പൂശരശരനികരം
മൂർച്ച കൂട്ടുന്ന ചാണ
കല്ലായും ചൈത്രരാത്രിക്കയൽമിഴിമണി കൈ
ക്കൊണ്ട കണ്ണാടിയായും
ഉല്ലാസത്താൽ വിളങ്ങുന്നുഡുരമണനദി
ച്ചീടവേ ജീവജാലങ്ങൾ
ക്കെല്ലാം കാന്താനുരാഗക്കടലതിർ കവിയും
പന്തിയായ്ത്തീർന്നിടുന്നു. 10

വെവേലേൽക്കാത്തുള്ള പൂവാടിയിലമലമണി
ത്തിണ്ണമേൽ ചെന്നിരുന്നി
ക്കാലേ ചാരത്തെഴും പൊയ്കയിൽ മുഴുകി മറി
ഞ്ഞെത്തൊരു കാറേററനല്പം
ചാലേ കൊഞ്ചും കുയിൽപ്പേടയിലകമലിവാ
ന്നാച്ചിമാരൊത്തു മേള

11. വസന്തത്തിൽ ഇം വിധം മദ്ധ്യാഹ്നയാപനം ചെയ്യാമെന്ന് അ
[illegible]

ത്താലേററം ക്കുത്തടിച്ചങ്ങിനെ സൂക്ഷ്മതികളോ പോ
ക്കുന്നു നാട്ടുച്ചനേരം. 11.

തപ്പാതേ മണമോത്തു പിന്നിലണയും
ഭൃംഗൌഘംഹുങ്കാരമി
ട്ടിപ്പാരൊക്കെ മുഴക്കി മാലയമരു
ത്താകുന്ന മത്തേഭവാ
കെൽപ്പാൎന്നിടിനാ കേസരപ്പൊടി ചുമ
ന്നഞ്ചാതെ പഞ്ചായുധ
പ്പാപ്പാനിട്ടു തിരിക്കയാൽ പഥികരെ
പ്പായിച്ചിടുന്നുണ്ടിതാ. 12.

ത വില്ലാളിപ്പുരിഷകൾ സലാം വെച്ചു വന്ദിച്ചു നില്ക്കും
ൃവില്ലൻതൻ പുതിയ കണകൊണ്ടുള്ള രണ്ടായി വിണ്ട്
ൃവില്ലല്ലോ പറവതിനിതാഹന്ത കേളന്തികേ ഭ
ഥാവില്ലാത്തോരബലകൾ മയങ്ങുന്ന ചാകുന്നമേന്മേൽ.

കൂട്ടം കൂട്ടമളിവ്രജം ചിലകട
ത്താളത്തൊടൊക്കം കയിൽ
പ്പാട്ടമ്പോടുയരുന്ന ചൂതലതികാ
ശാതോദരി ഞങ്ങളാൾ
കോട്ടം വിട്ടു വിലാസമോടനിലനാ
ലാസ്യം പഠിപ്പിച്ചു ...

ത്താട്ടം വെച്ചു തകൎത്തിടുന്ന കരിമീൻ
കണ്ണാൎമണേ! കാണ്കെടോ. 14

മലയായ് ചരമമരാടിയ മുലയാൎകുലമണി! നി
ൎമ്മലയാകിയ കുളൎകൈതമുടി,കുയിലിൻകളനിനദം
മലയാനിലമൃദുമാരുതനിവ ചേൎന്നൊരു ബഹുകോ
മളയാം ചൂതമധുവേളയിതരുളും തവകൗശലം. 15

ഇങ്ങിനെ ആറാം സൎഗ്ഗം സമ്പൂൎണ്ണം.

സമാപ്തം.